**പതിനാലാം കേരള നിയമസഭ**
**രണ്ടാം സമ്മേളനം**

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 484 — 25.10.2016 -ൽ മറുപടിക്ക്

## ഉത്തരവാദിത്ത ടൂറിസം പദ്ധതി

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. വി.എസ്.ശിവകുമാർ<br>ശ്രീ. ഷാഫി പറമ്പിൽ<br>ശ്രീ. ഹൈബി ഈഡൻ<br>ശ്രീ. എ. പി. അനിൽ കുമാർ | ശ്രീ. എ.സി. മൊയ്തീൻ<br>(സഹകരണവും വിനോദസഞ്ചാരവും വകുപ്പ് മന്ത്രി) |
| എ) ഉത്തരവാദിത്ത ടൂറിസം പദ്ധതി സംസ്ഥാനമാകെ നടപ്പാക്കുന്നതിന് എന്തെല്ലാം കർമ്മപദ്ധതികൾ കൈക്കൊണ്ടിട്ടുണ്ടെന്ന് വിശദമാക്കുമോ; | എ) ഉത്തരവാദിത്ത ടൂറിസം പദ്ധതി 2007 മുതലാണ് കേരളത്തിൽ നടപ്പിലാക്കുവാൻ തുടങ്ങിയത്. 2008 മുതൽ കുമരകം, തേക്കടി, വൈത്തിരി, കോവളം എന്നിവിടങ്ങളിൽ പദ്ധതിയുടെ പ്രാദേശികതല നിർവ്വഹണം ആരംഭിച്ചു. തുടർന്ന് 2012-ൽ ബേക്കൽ, കുമ്പളങ്ങി, അമ്പലവയൽ എന്നീ കേന്ദ്രങ്ങളെക്കൂടി പദ്ധതി പ്രവർത്തനങ്ങളിൽ ഉൾപ്പെടുത്തി. 2014-ൽ മുസിരിസ് പദ്ധതി പ്രദേശത്തെ ഉത്തരവാദിത്ത ടൂറിസം പദ്ധതിയിൽ കൂട്ടിച്ചേർക്കുന്നതിന് തീരുമാനിച്ചു.<br><br>2012-ൽ കേരളത്തിലെ 50 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെ ഉത്തരവാദിത്ത ടൂറിസം വിപുലീകരണ പദ്ധതിയിൽ ഉൾപ്പെടുത്തി. 2014-ൽ 112 തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ ഉത്തരവാദിത്ത ടൂറിസം പ്രവർത്തനത്തിന്റെ ഭാഗമായി 'ദൈവത്തിന്റെ സ്വന്തം |

നാട്", 'ജനങ്ങളുടെ സ്വന്തം ടൂറിസം' എന്ന പേരിൽ നടപ്പാക്കുവാനായി തീരുമാനിച്ചു. ആദ്യഘട്ടം എന്ന നിലയിൽ 7 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ പ്രസ്തുത പദ്ധതിയുടെ പ്രവർത്തനം പൂർത്തിയായി വരുന്നു. സംസ്ഥാനത്താകെ ഉത്തര വാദിത്ത ടൂറിസം പദ്ധതി വ്യാപിപ്പിക്കുന്ന തിനായി സത്വരമായ പ്രവർത്തനങ്ങൾ ഈ സർക്കാർ സ്വീകരിച്ചു വരുന്നു. ഇതിനായി 'റെസ്പോൺസിബിൾ ടൂറിസം മിഷൻ' രൂപീകരിക്കുന്നതടക്കമുള്ള കാര്യങ്ങൾ പരിഗണനയിലുണ്ട്.

ബി) ഉത്തരവാദിത്ത ടൂറിസം നടപ്പാക്കുന്നതിൽ സംസ്ഥാനത്തിന് ഇതുവരെ എന്തെല്ലാം അംഗീകാരങ്ങൾ ലഭിച്ചിട്ടുണ്ട്; ഇതു സംബന്ധിച്ച വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

ബി) 2007-2008 കാലഘട്ടം മുതൽ നാളിതുവരെ ഉത്തരവാദിത്തടൂറിസം പദ്ധതിയുടെ നടത്തിപ്പിന് പത്ത് അവാർഡുകൾ ലഭിച്ചിട്ടുണ്ട്. വിശദവിവരം അനുബന്ധം 'എ' ആയി ഉള്ളടക്കം ചെയ്തിരിക്കുന്നു.

സി) നിലവിൽ എത്ര കേന്ദ്രങ്ങളിലാണ് ഉത്തരവാദിത്ത ടൂറിസം പദ്ധതി നടപ്പാക്കിയിട്ടുള്ളത്; വിശദമാക്കുമോ?

സി) നിലവിൽ ഉത്തരവാദിത്ത ടൂറിസം പദ്ധതി 7 കേന്ദ്രങ്ങളിലാണ് നടപ്പിലാക്കി വരുന്നത്. കുമരകം, കോവളം, തേക്കടി, വൈത്തിരി, അമ്പലവയൽ, കുമ്പളങ്ങി, ബേക്കൽ എന്നിവയാണവ. ഇതിനുപുറമേ മുസിരിസ് പദ്ധതി പ്രദേശത്ത് ഉത്തരവാദിത്ത ടൂറിസം പദ്ധതി പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ.

<u>അനുബന്ധം "എ"</u>

| അവാർഡ് | കാലയളവ് | വിഭാഗം | ഡെസ്റ്റിനേഷൻ |
|---|---|---|---|
| നാഷണൽ ടൂറിസം അവാർഡ് | 2007-08 | ഉത്തരവാദിത്ത ടൂറിസം പദ്ധതി | കേരളാടൂറിസം |
| നാഷണൽ ടൂറിസം അവാർഡ് | 2008-09 | ഉത്തരവാദിത്ത ടൂറിസം പദ്ധതി | കുമരകം |
| പാറ്റാ ഗ്രാന്റ് അവാർഡ് | 2011 | പരിസ്ഥിതി | കുമരകം |
| നാഷണൽ ടൂറിസം അവാർഡ് | 2011-12 | ഏറ്റവും മികച്ച ഗ്രാമീണ ടൂറിസം പദ്ധതി | കുമരകം |
| നാഷണൽ ടൂറിസം അവാർഡ് | 2012-13 | സിവിക് മാനേജ്മെന്റ് ഓഫ് ടൂറിസ്റ്റ് ഡസ്റ്റിനേഷൻ (കാറ്റഗറി സി സിറ്റി) | കുമരകം |
| യു.എൻ.ഡബ്ല്യൂ.ടി.ഒ. ഉല്ലീസിസ് അവാർഡ് | 2013 | ഇന്നവേഷൻ ഇൻ പബ്ലിക്ക് പോളിസി & ഗവേർണസ് | കുമരകം |
| പാറ്റാ ഗോൾഡ് അവാർഡ് | 2014 | കോർപ്പറേറ്റ് സോഷ്യൽ റസ്പോൺസിബിലിറ്റി | കുമരകം |
| നാഷണൽ ടൂറിസം അവാർഡ് | 2013-14 | ഉത്തരവാദിത്ത ടൂറിസം പദ്ധതി - കുമരകം | തേക്കടി |
| പാറ്റാ സി.ഇ.ഒ. ചലഞ്ച് അവാർഡ് | 2015 | സെക്കന്റ് ടയർ & തേർഡ് ടയർ ടൗൺ/സിറ്റീസ് -തേക്കടി | തേക്കടി |
| നാഷണൽ ടൂറിസം അവാർഡ് | 2015-16 | ഉത്തരവാദിത്ത ടൂറിസം പദ്ധതി - വയനാട് | വയനാട് |

സെക്ഷൻ ഓഫീസർ